| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| ഏഴാം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3501 | 18.02.2013-ൽ മറുപടിക്ക് |
| കുട്ടികളെ കാണാതാവുന്നത് തടയുന്നതിന് നടപടി | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.കെ.നാരായണൻ | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുട്ടികളെ കാണാതാവുന്നത് വർദ്ധിച്ചു വരുന്നത് സാമൂഹ്യക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 2009-2010 ഒഴികെയുള്ള വർഷങ്ങളിൽ കാണാതെയാകുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. |
| (ബി) | ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ടിവാൻഡ്രം ഡോൺ ബോസ്കോ വീട് സൊസൈറ്റി എന്ന സന്നദ്ധ സംഘടനയുമായി സാമൂഹ്യനീതി വകുപ്പ് സഹകരിച്ച് മിസ്സിംഗ് ചൈൽഡ് സെർച്ച് ആന്റ് ചൈൽഡ് പ്രൊട്ടക്ഷൻ ഹോം ലിങ്ക് നെറ്റ് വർക്ക് എന്ന ഒരു വെബ്സൈറ്റ് 2008 ആഗസ്റ്റ് മുതൽ ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് 2008 മുതൽ സംഘടനയ്ക്ക് ഫണ്ട് നൽകുന്നുണ്ട്. സംഘടനയുടെ തിരുവനന്തപുരത്തുള്ള നോഡൽ ഏജൻസിയിലും എറണാകുളത്തുള്ള നോഡൽ സെന്ററിലും ലഭിക്കുന്ന മിസ്സിംഗ് കംപ്ലെയിന്റ് രജിസ്റ്റർ ചെയ്തു കുട്ടികളെ കിട്ടുന്ന വിവരം രേഖപ്പെടുത്തി കുട്ടികളെ മാതാപിതാക്കൾക്കോ, വകുപ്പിൻ കീഴിലുള്ള കുട്ടികൾക്കായുള്ള ഹോമുകളിലോ, ടിവാൻഡ്രം ഡോൺ ബോസ്കോ വീടിലോ |
| (സി) | എങ്കിൽ, ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | | |

| | | |
|---|---|---|
| | | താമസിപ്പിക്കുന്നു. കൂടാതെ സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിലെ ജീവനക്കാർക്ക് സംഘടനയുടെ വെബ്സൈറ്റിൽ കുട്ടികളുടെ തിരോധാനം, തിരികെ ലഭിക്കൽ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള പരിശീലനവും നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ